**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 998** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി–തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നവും കാർഷിക മേഖലയിലെ ജലദൗർലഭ്യവും പരിഹരിക്കുന്നതിന് കുറ്റ്യാടി–തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി തുണേരി വേറ്റുമ്മൽ കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട് തുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തുനിന്നും ആരംഭിക്കുന്ന 4.750 കി.മീറ്റർ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. കനാൽ ഭൂമി കയ്യേറ്റമുള്ളതായി പ്രസ്തുത സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. സർവ്വെ സ്കെച്ച് ലഭ്യമാവുന്ന മുറയ്ക്ക് കയ്യേറ്റം ഒഴിപ്പിച്ച് കനാൽ പുനരുദ്ധാരണ ത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | മേൽ വിഷയത്തിൽ ഇറിഗേഷൻ റവന്യൂ വകുപ്പിന്റെ സംയുക്ത സർവേ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഇറിഗേഷൻ - റവന്യൂ വകുപ്പിന്റെ സംയുക്ത സർവ്വെ 23.12.2023 ന് പൂർത്തികരിച്ചു. |

സെക്ഷൻ ഓഫീസർ